പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 265** **12-10-2026-ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യ തിരിമറി, സ്റ്റോക്ക് കുറവ് എന്നിവ സംബന്ധിച്ച കേസുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ജി. ആർ. അനിൽ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റേഷൻ ഭക്ഷ്യധാന്യങ്ങളുടെ തിരിമറി, സ്റ്റോക്കിലെ കുറവ്, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

**മറുപടി:** നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റേഷൻ ഭക്ഷ്യധാന്യങ്ങളുടെ തിരിമറിയുമായി ബന്ധപ്പെട്ട് NFSA ഡിപ്പോകളിൽ കേസുകൾ ഒന്നും കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മറ്റു കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഭക്ഷ്യധാന്യങ്ങളുടെ തിരിമറി | സ്റ്റോക്ക് കുറവ് / കൂടുതൽ | COST OF FOOD GRAINS | വകുപ്പ് തല നടപടി | ക്രിമിനൽ നടപടി | EC Act പ്രകാരമുള |
|---|---|---|---|---|---|
| 6 | 300 | 2438559 | 8 | 4 | 3 |

**(ബി)** ഇത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ ആകെ സാമ്പത്തിക മൂല്യം എത്രയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 24,38,559/- രൂപ

**(സി)** ഇതിൽ എത്ര കേസുകളിൽ വകുപ്പുതല അന്വേഷണവും എത്ര കേസുകളിൽ ക്രിമിനൽ നടപടികളും നടന്നുവരുന്നുണ്ടെന്നും ഇതിനോടകം ഉദ്യോഗസ്ഥരുടെയോ മറ്റ് വ്യക്തികളുടെയോ പേരിൽ കേസുകളോ അന്വേഷണ നടപടികളോ ഉണ്ടെങ്കിൽ പ്രസ്തുത വിവരവും വ്യക്തമാക്കാമോ?

**മറുപടി:** 8 കേസുകളിൽ വകുപ്പ് തല ഉദ്യോഗസ്ഥർ മുഖേന അന്വേഷണം നടത്തുകയും 7 കേസുകളിൽ ക്രിമിനൽ നടപടി, അവശ്യസാധന നിയമം (Essential Commodities Act, 1955) എന്നിവ പ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്കിൽ കുറവോ കൂടുതലോ കണ്ടെത്തിയ റേഷൻ ഡിപ്പോകൾക്കെതിരെ KTPDS (Control) Order, 2021-ലെ വ്യവസ്ഥകൾ പ്രകാരം കുറ്റപത്രം നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**